## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *807 — 17.07.2014 ൽ മറുപടിക്ക്

### തൊഴിലാളികൾക്ക് കൂലി നൽകുന്നതിന് ഇ - പേയ്മെന്റ് സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. റ്റി. എൻ. പ്രതാപൻ : | | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) തൊഴിലാളികൾക്ക് കൂലി നൽകുന്നതിന് വിവിധ മേഖലകളിൽ ഇ - പെയ്മെന്റ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനുള്ള (ഇ- പേയ്മെന്റ്) വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | തൊഴിലാളികൾക്ക് ബാങ്ക് മുഖേന ശമ്പളം നൽകുന്നതിനും നിയമം അനുശാസിയ്ക്കുന്ന വേതനം ലഭിക്കുന്നുണ്ട് എന്നത് ഉറപ്പുവരുത്തുന്നതിനും ഇ- പെയ്മെന്റ് വഴി സാധ്യമാകും. |
| (സി) തൊഴിലാളികൾക്ക് ലഭിക്കുന്ന കൂലിയിൽ കൃത്രിമം നടത്താതിരിക്കുന്നതിന് പ്രസ്തുത സംവിധാനം എത്രമാത്രം സഹായകരമാകുമെന്നാണ് | (സി) | ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പ് വരുത്താനും അതാത് സ്ഥാപനത്തിൽ പോകാതെ ഓൺലൈൻ മുഖേന |

| | | |
|---|---|---|
| | പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശോധിയ്ക്കുന്നതിനും, വേതനം കുറവാണെങ്കിൽ, നിയമനടപടികൾ സ്വീകരിക്കാനും ഇതിലൂടെ കഴിയുന്നതാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) തൊഴിൽ വകുപ്പിന്റെ നൂതന ഇ-ഗവേണൻസ് സംരംഭമായ വേതന സുരക്ഷാ പദ്ധതിയുടെ ഭാഗമായി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിയിട്ടുള്ള, ലേബർ കമ്മീഷണറേറ്റ് ഓട്ടോമേറ്റഡ് സിസ്റ്റം എന്ന ഓൺലൈൻ സംവിധാനത്തിൽ ഇ-പെയ്മെന്റ് ഘടകം കൂടി സംയോജിപ്പിച്ച്, തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലൂടെ വേതനം ലഭ്യമാക്കുന്നതിനും, അത് നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ